(ഡി) കോട്ടായി കേന്ദ്രമാക്കി ഒരു സബ്‌രജിസ്ട്രാർ ഓഫീസ് എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതുതായി സബ്‌രജിസ്ട്രാർ ഓഫീസുകൾ തുറക്കുന്നത് സംബന്ധിച്ച് സർക്കാർ അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) ഉണ്ട്.

(സി&ഡി) നിവേദനത്തിലെ ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2109, 2135 എന്നിവയുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

മി. സ്പീക്കർ : ഓർഡർ, ഓർഡർ റൂൾ 50 അനുസരിച്ച് ഒരു നോട്ടീസ് ചെയറിന് ലഭിച്ചിട്ടുണ്ട്. ഇതൊരു പ്രധാനപ്പെട്ട വിഷയമായി ഇവിടെ ഉന്നയിക്കാം എന്നാണ് ചെയറിന് അതിനെ സംബന്ധിച്ച് പറയാനുള്ളത്. വളരെ പ്രധാനപ്പെട്ട കാര്യമായിട്ട് തന്നെ ഉന്നയിക്കാം. സബ്മിഷന്റെ കൂട്ടത്തിൽപ്പെടുത്താതെ എടുക്കാം.

II ശ്രദ്ധക്ഷണിക്കൽ

(1) കുട്ടനാട്ടിലെ ജലസേചന-ശുദ്ധജലവിതരണ പദ്ധതികൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത

(അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. രാഘവൻ)

ശ്രീ. തോമസ് ചാഴികാടൻ : സർ, കുട്ടനാട്ടിനെ രക്ഷിക്കുന്നതിനുള്ള സമഗ്ര പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചതാണ് തണ്ണീർമുക്കം ബണ്ട്. എന്നാൽ 9.30 A.M.] ഈ ബണ്ടിന്റെ പ്രവർത്തനനിർവഹണത്തിലെ അപാകതകൾമൂലം കുട്ടനാട്ടിൽ പൊതുവേയും കോട്ടയം ജില്ലയുടെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ പ്രത്യേകിച്ചും അതിഗുരുതരമായ പ്രശ്നങ്ങളാണ് അനുഭവപ്പെടുന്നത്. ബണ്ടിന്റെ ഷട്ടറുകൾക്കിടയിലൂടെ ഓരുവെള്ളം കയറി നെൽകൃഷി നശിക്കുന്നത് കോട്ടയം ജില്ലയുടെ പടിഞ്ഞാറൻ പ്രദേശങ്ങളിലെ ആയിരക്കണക്കിന് ഹെക്ടർ പാടശേഖരങ്ങളിൽ ആണ്ടുതോറും സാധാരണ സംഭവമാണ്. ബണ്ടിന്റെ ഷട്ടറുകൾ താഴ്ത്തുന്നതോടുകൂടി കുട്ടനാടൻ മേഖലയിലാകെ അനുഭവപ്പെടുന്ന പരിസ്ഥിതി പ്രശ്നങ്ങൾ, കുടിവെള്ളക്ഷാമം, യാത്രാക്ലേശം, പകർച്ചവ്യാധികൾ ഇവമൂലം ജനങ്ങൾ കടുത്ത ദുരിതമനുഭവിക്കുകയാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതിന്റെ അടിയന്തിര പ്രാധാന്യത്തിലേക്ക് സർക്കാരിന്റെയും ഈ സഭയുടെയും ശ്രദ്ധക്ഷണിക്കുന്നതിനാണ് ഞാൻ ആഗ്രഹിക്കുന്നത്. കുട്ടനാടിനെ രക്ഷിക്കാനായി രൂപംനൽകിയ സമഗ്രപദ്ധതിക്ക്

LIBRARY ARCHIVES Kerala Legislative Assembly

മൂന്നുഭാഗങ്ങളാണ് ഉണ്ടായിരുന്നത്. (1) വെള്ളപ്പൊക്കക്കെടുതിക്ക് അറുതിവരുത്തുന്നതിന്, തോട്ടപ്പള്ളി സ്പിൽവേ നിർമ്മിക്കുക. (2) യാത്രാസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആലപ്പുഴ ചങ്ങനാശ്ശേരി റോഡ് (3) ഓരുവെള്ളം കയറി നെൽകൃഷി നശിക്കുന്നത് തടയുന്നതിനും രണ്ടാം കൃഷിചെയ്ത് നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി വേമ്പനാട്ടുകായലിൽ തണ്ണീർമുക്കം-വെച്ചൂർ ഭാഗങ്ങളെ ബന്ധിപ്പിച്ച് 4,500 അടിനീളത്തിൽ 93 ഷട്ടറുകൾ ഉള്ള ബണ്ട് നിർമ്മിക്കുക, ഇവയായിരുന്നു പദ്ധതിയുടെ ഭാഗങ്ങൾ. 1949 ഡിസംബർ മാസത്തിലുണ്ടായ അസാധാരണമായ വേലിയേറ്റവും വെള്ളപ്പൊക്കവും കുട്ടനാട്ടിലുണ്ടാക്കിയ വമ്പിച്ച നാശനഷ്ടങ്ങളാണ് ഇങ്ങനെ ഒരു പദ്ധതിക്ക് രൂപം നൽകുന്നതിന് അന്നത്തെ പി.ഡബ്ലിയു.ഡി. മന്ത്രി ഇ. ജോൺ ഫിലിപ്പോസ് എൻജിനീയർ പി.എച്ച്. വൈദ്യനാഥനെ ചുമതലപ്പെടുത്താൻ കാരണമായത്. തണ്ണീർമുക്കം ബണ്ടിന്റെ നിർമ്മാണം 1958-ൽ ആരംഭിച്ചു. കായലിന്റെ കിഴക്കും പടിഞ്ഞാറും 31 ഷട്ടറുകൾ വീതം നിർമ്മിച്ചു. നടുഭാഗത്ത് ഷട്ടറുകൾക്കുപകരം 1,500 മീറ്റർ നീളത്തിൽ മൺചിറ 1974-ൽ പൂർത്തിയാക്കി. വേലിയേറ്റവും വേലിയിറക്കവും നിയന്ത്രിച്ച് ഉപ്പുവെള്ളത്തിന്റെ വരവുതടഞ്ഞ് ഒരുപൂ നിലങ്ങൾ ഇരുപൂ നിലങ്ങളാക്കി മാറ്റിയും വേമ്പനാട്ടുകായലിൽ പുതുതായി 4,300 ഹെക്ടർ സ്ഥലത്തുകൂടി നെൽക്കൃഷി ഇറക്കിയും സംസ്ഥാനത്തെ നെല്ലുല്പാദനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യംവച്ച് നിർമ്മിച്ച ബണ്ട് അതിന്റെ ലക്ഷ്യപ്രാപ്തിയിൽ പരാജയപ്പെട്ടിരിക്കുകയാണ്. ബണ്ടല്ല, ബണ്ടിന്റെ പ്രവർത്തന വൈകല്യമാണ് ഇതിനുകാരണം. താഴെപറയുന്നവയാണ് പ്രധാനപ്രശ്നങ്ങൾ. നവംബർ മാസം അവസാനത്തോടുകൂടിയാണ് ബണ്ടിന്റെ ഷട്ടറുകൾ താഴ്ത്തി ഓരുവെള്ളം തടയുന്നത്. എന്നാൽ കഴിഞ്ഞ കുറെ വർഷങ്ങളായി ഷട്ടർ താഴ്ത്തി കഴിഞ്ഞാലും ഓരുവെള്ളം കയറി നെൽക്കൃഷി നശിക്കുന്നത് സാധാരണയാണ്. ഷട്ടർ താഴ്ത്തിക്കഴിയുമ്പോൾ തോടുകളിലും ജലാശയങ്ങളിലും ഒഴുക്കുനിലച്ച് പായലും പോളയും നിറഞ്ഞ് വെള്ളം മലിനമാവുകയും ജലഗതാഗതം തടസ്സപ്പെടുകയും ചെയ്യുന്നു. പാടശേഖരങ്ങളിൽനിന്നും പമ്പുചെയ്ത് പുറത്തേക്കുവിടുന്ന കീടനാശിനി കലർന്ന വെള്ളം ജലാശയങ്ങളിൽ നിറയുന്നു. ആറ്റുതീരത്തും തോട്ടുവക്കുകളിലും ബണ്ടുകളിലും താമസിക്കുന്ന ആളുകളുടെ മനുഷ്യവിസർജ്ജ്യങ്ങൾ ഈ ജലാശയങ്ങളിൽ കെട്ടിക്കിടക്കുന്നു. മേൽപ്പറഞ്ഞ കാരണങ്ങളാൽ കുട്ടനാട്ടിലാകെ കുടിവെള്ളക്ഷാമം അതിരൂക്ഷമാകുന്നു. അതോടൊപ്പം പകർച്ചാവ്യാധിയും വ്യാപകമായിട്ടുണ്ട്. ഓരുവെള്ളം കയറി നെൽകൃഷിനശിക്കുന്നത് പ്രധാനമായും താഴെപറയുന്ന കാരണങ്ങളാലാണ്. ആണ്ടുതോറും രണ്ടാംകൃഷി ഇറക്കുന്നതിനുമുമ്പായി ഷട്ടറുകൾ നവംബർ അവസാനത്തോടെ താഴ്ത്തണം. എന്നാൽ ഷട്ടറുകൾ താഴ്ത്തിക്കഴിഞ്ഞ് ചില സാമൂഹ്യവിരുദ്ധർ മത്സ്യബന്ധനം നടത്തുന്നവരുടെ സഹായത്തോടെ ഷട്ടറുകൾ അനധികൃതമായി ഉയർത്തി അവയ്ക്കടിയിൽ വലിയ കല്ലുകളും ഇരുമ്പ് ഗർഡറുകൾ ഉൾപ്പെടെയുള്ള വസ്തുക്കളും സ്ഥാപിച്ച് ഓരുവെള്ളം കയറാൻ അവസരം സൃഷ്ടിക്കുന്നു. വേലിയേറ്റത്തിൽ ഓരുവെള്ളം കയറുന്നത് പൂർണ്ണമായും തടയണമെങ്കിൽ ഷട്ടറുകൾ താഴ്ത്തുന്നതിന് മുമ്പുതന്നെ തണ്ണീർമുക്കം പഞ്ചായത്തിലെ കട്ടച്ചിറത്തോട്ടിലെ ചിറയ്ക്കൽ ഓരുമുട്ട് കോട്ടയം

LIBRARY ARCHIVES Kerala Legislative Assembly

ജില്ലയിൽ കരിയാറിൽ കൊതവറ ഭാഗത്തെ ഓരുമുട്ട് എന്നിവ സ്ഥാപിക്കണം. എന്നാൽ യഥാസമയം ഈ ഓരുമുട്ടുകൾ സ്ഥാപിക്കുന്നതിൽ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുന്നില്ല. ഈ വർഷം ജനുവരിമാസം അവസാനത്തോടുകൂടി മാത്രമാണ് ഈ ഓരുമുട്ടുകൾ സ്ഥാപിച്ചത്. കാലപ്പഴക്കം മൂലവും അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യാതിരുന്നതുമൂലവും ബണ്ടിന്റെ ഷട്ടറുകൾ തുരുമ്പെടുത്ത് ദ്രവിച്ചുപോയി. കഴിഞ്ഞവർഷം വളരെയേറെ സമ്മർദ്ദങ്ങൾക്കുശേഷം ഷട്ടറുകൾ മാറ്റിസ്ഥാപിക്കാൻ സർക്കാർ തുക അനുവദിച്ചെങ്കിലും മൊത്തം 62 ഷട്ടറുകൾ ഉള്ളതിൽ 39 എണ്ണം മാത്രമേ മാറ്റിസ്ഥാപിക്കുകയോ റിപ്പയർ ചെയ്യുകയോ ചെയ്തിട്ടുള്ളൂ. 23 ഷട്ടറുകൾ തുരുമ്പെടുത്ത് ദ്രവിച്ച് ഇപ്പോൾ ചോർച്ചയുണ്ട്. ബണ്ടിലൂടെ ജലഗതാഗതം തടസ്സംകൂടാതെ നടത്തുന്നതിന് മൂന്നുഗേറ്റുകൾ (ലോക്കുകൾ) ആണ് സ്ഥാപിച്ചിട്ടുള്ളത്. 20 അടി, 30 അടി, 40 അടി വീതിയുള്ളവയാണ് ഈ ലോക്കുകൾ. ഇതിൽ 40 അടി വീതിയുള്ള ലോക്ക് മാത്രമാണ് ശരിയായി പ്രവർത്തിക്കുന്നത്. മറ്റ് രണ്ട് ലോക്കുകളുടെയും ഷട്ടറുകൾ തുരുമ്പെടുത്ത് ദ്രവിച്ച് തുടർച്ചയായി ഓരുവെള്ളം ബണ്ടിന് തെക്കുഭാഗത്തേക്ക് കടക്കുന്നു. മേൽപ്പറഞ്ഞ കാരണങ്ങളാൽ രണ്ടാംകൃഷി ഇറക്കിക്കഴിയുമ്പോൾ കോട്ടയം ജില്ലയുടെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ പ്രത്യേകിച്ച് ഏറ്റുമാനൂർ, കടുത്തുരുത്തി, വൈക്കം നിയോജകമണ്ഡലങ്ങളിലെ ഏകദേശം 7,000 ഹെക്ടർ പാടശേഖരങ്ങളിൽ ഓരുവെള്ളം കയറി നെൽകൃഷി ആണ്ടുതോറും നശിക്കുകയാണ്. 1995 നവംബർ, ഡിസംബർ മാസങ്ങളിൽ ഓരുവെള്ളം കയറി 12,000 ഹെക്ടർ നിലങ്ങളിലെ കൃഷിനശിച്ച് 6,500 ടണ്ണിലധികം നെല്ല് നഷ്ടപ്പെട്ടു. കൃഷിവകുപ്പിന്റെതന്നെ ഈ കണക്കനുസരിച്ച് 16,000ത്തോളം നെൽകർഷകർക്ക് ഇതുമൂലം ദുരിതമുണ്ടായി. കർഷകർക്ക് കാര്യമായ നഷ്ടപരിഹാരമൊന്നും ലഭിച്ചില്ല. മാത്രമല്ല, ഈ രീതിയിൽ കൃഷി നശിക്കുന്നതിന് ഇൻഷ്വറൻസ് സംരക്ഷണവും ലഭിക്കുന്നില്ല. പിന്നീടുള്ള വർഷങ്ങളിലും ഓരുവെള്ളം കയറി നെൽകൃഷിക്ക് നാശമുണ്ടായി. 1999 ഡിസംബർ ആദ്യം മുതൽ ഈ പ്രശ്നം കൃഷി, ജലസേചനവകുപ്പുകളുടെയും കോട്ടയം, ആലപ്പുഴ ജില്ലാ കളക്ടർമാരുടെയും ശ്രദ്ധയിൽകൊണ്ടുവന്നു. എങ്കിലും ഓരുമുട്ടുകൾ യഥാസമയം ഇടുന്നതിൽ വീഴ്ച വരുത്തി. ഷട്ടറുകൾ അനധികൃതമായി ഉയർത്തി അവയ്ക്കിടയിൽ കല്ലും മറ്റു സാമഗ്രികളും സ്ഥാപിച്ചതുമൂലം ഓരുവെള്ളം കയറി 4,500 ഹെക്ടർ പാടശേഖരങ്ങളിൽ 40 മുതൽ 65 ദിവസം പ്രായമായ നെൽചെടികൾക്ക് കേടുസംഭവിച്ചു. ബഹുമാനപ്പെട്ട കൃഷി, ജലസേചന മന്ത്രിമാരുടെ ശ്രദ്ധയിലും ഇക്കാര്യം കൊണ്ടുവന്നു. പരിഹാരം കാണുന്നതിന് കാലതാമസമുണ്ടായപ്പോൾ 2000 ജനുവരി 30, 31 തീയതികളിൽ നെൽകർഷകരും ഞാനും തണ്ണീർമുക്കം ബണ്ടിൽ ഉപവാസമനുഷ്ഠിച്ചു. അതിനുശേഷം കൊച്ചിയിൽനിന്നും നേവിയുടെ മുങ്ങൽവിദഗ്ദ്ധർ വരികയും ഷട്ടറുകൾക്കടിയിൽ അനധികൃതമായി സ്ഥാപിച്ചിരുന്ന കല്ലുകളും ഇരുമ്പു ഗർഡറുകളുൾപ്പെടെയുള്ള വസ്തുക്കളും നീക്കം ചെയ്ത് ഷട്ടറുകൾ അടയ്ക്കുകയും ചെയ്തു. കട്ടച്ചിറ തോട്ടിൽ ഓരുമുട്ടും സ്ഥാപിച്ചു. നെൽകർഷകർ നേരിടുന്ന ഈ പ്രശ്നത്തിന് ശാശ്വതപരിഹാരം കാണാൻ താഴെപറയുന്ന കാര്യങ്ങൾ ചെയ്യണമെന്ന് സർക്കാരിനോട് ഞാൻ അഭ്യർത്ഥിക്കുന്നു. ആണ്ടുതോറും തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ

LIBRARY ARCHIVES Kerala Legislative Assembly

താഴ്ത്തുന്നതിനുമുമ്പായി കരിയാർമുട്ട്, കട്ടച്ചിറമുട്ട് തുടങ്ങി ഇതുമായി ബന്ധപ്പെട്ട എല്ലാ ഓരുമുട്ടുകളും സ്ഥാപിക്കുന്നതിന് ജലസേചനവകുപ്പ് ഉദ്യോഗസ്ഥർക്ക് കർശനമായ നിർദ്ദേശം നൽകണം. ഷട്ടറുകൾ താഴ്ത്തിയതിനുശേഷം അനധികൃതമായി അവ ഉയർത്തുന്നതു തടയാൻ ഷട്ടറുകൾക്ക് പൂട്ട് സ്ഥാപിക്കണം. ബണ്ടിനു സമീപം പോലീസ് പട്രോളിംഗ് ശക്തമാക്കണം. നിയമം അനുവദിക്കുന്ന പരിധിക്കപ്പുറത്തു മാത്രമേ മത്സ്യബന്ധനം അനുവദിക്കാവൂ. ദ്രവിച്ച് പോയിരിക്കുന്ന 23 ഷട്ടറുകൾകൂടി അടിയന്തിരമായി മാറ്റിസ്ഥാപിക്കണം. ഇതിന് തുക അനുവദിച്ചിട്ടുള്ളതാണ്. നടപടികൾ പൂർത്തിയാക്കാൻ കർശനനിർദ്ദേശം കൊടുക്കണം. തുരുമ്പെടുത്ത് ദ്രവിച്ച് ചോർച്ചയുള്ള രണ്ടുലോക്കുകൾ അടിയന്തിരമായി നന്നാക്കുന്നതിന് നടപടി സ്വീകരിക്കണം. ഷട്ടറുകൾ ഉയർത്തുകയും താഴ്ത്തുകയും ചെയ്യുന്നതിലെ അപാകതകൾമൂലം കൃഷിനാശവും മറ്റ് ദുരിതങ്ങളും അനുഭവിക്കുന്നത് കോട്ടയം ജില്ലയിലെ കർഷകരും ജനങ്ങളുമാണ്. എന്നാൽ ഈ ബണ്ടിന്റെ ഭരണപരമായ ചുമതല ആലപ്പുഴ ജില്ലാകളക്ടർക്കാണ്. ഇനി മുതൽ ആലപ്പുഴ കോട്ടയം ജില്ലാ കളക്ടർമാർ സംയുക്തമായി ബണ്ടിന്റെ നടത്തിപ്പിന്റെ ഭരണനിർവഹണം നടത്താനും വൈക്കം കരിനില ഏജൻസിയുടെ അഭിപ്രായംകൂടി കേട്ടശേഷം ബണ്ട് തുറക്കുകയും അടയ്ക്കുകയും ചെയ്യുന്നതിനുമുള്ള തീരുമാനം എടുക്കുകയും വേണം. കൃഷിക്കാർ നേരിടുന്നതുപോലെ കുട്ടനാട്ടിലെ മറ്റു ജനങ്ങളും പലവിധ ദുരിതങ്ങൾ അനുഭവിക്കുന്നു. ബണ്ടിന്റെ ഷട്ടർ താഴ്ത്തിക്കഴിയുമ്പോൾ ബണ്ടിന് തെക്കുഭാഗത്തെ ജലത്തിന്റെ ഒഴുക്ക് നിലയ്ക്കുന്നു. ഇതുമൂലം ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങളും ശുദ്ധജലക്ഷാമവും പകർച്ചവ്യാധികളും ഗതാഗതതടസ്സവും പാമ്പുശല്യവും അതിരൂക്ഷമാണ്. പോളയും പായലും നിറഞ്ഞ് കീടനാശിനികൾ ചേർന്നതും കെട്ടിക്കിടന്ന് മനുഷ്യവിസർജ്ജ്യങ്ങളുമെല്ലാം ചേർന്ന് കുട്ടനാടൻ ജലാശയങ്ങൾ ജനുവരി മുതൽ മേയ്മാസം വരെയുള്ള സമയത്ത് മലിനമാവുകയാണ്. വെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന പ്രദേശത്ത് കുടിവെള്ളം കിട്ടാനില്ലാതെ ജനങ്ങൾ വലയുന്നു. അതിസാരവും കോളറയും പോലുള്ള പകർച്ചവ്യാധികൾ സർവ്വസാധാരണമാണ്. ആറുകളിലും തോടുകളിലും പോളനിറഞ്ഞുകിടക്കുന്നതുമൂലം ജലഗതാഗതം തടസ്സപ്പെടുന്നു. ഈ പ്രശ്നങ്ങൾ പരിഹരിക്കപ്പെടണമെങ്കിൽ ജനുവരി മാസംമുതൽ തണ്ണീർമുക്കം ബണ്ടിന്റെ തെക്കുഭാഗത്ത് കുട്ടനാട്ടിൽ മൂവാറ്റുപുഴ ആറിൽ നിന്നും വെള്ളം ഒഴുകിയെത്താൻ നടപടി സ്വീകരിക്കണം. ബണ്ട് നിർമ്മാണം വിഭാവനം ചെയ്തപ്പോൾതന്നെ ഉണ്ടായിരുന്ന നിർദ്ദേശമാണ് ഇത്. ഇന്നും അത് പ്രാവർത്തികമാക്കിയിട്ടില്ല. ഈ ബണ്ടിന്റെ ഉപജ്ഞാതാവായ റിട്ടയേർഡ് ചീഫ് എൻജിനീയർ പി.എച്ച്. വൈദ്യനാഥന്റെ അഭിപ്രായത്തിൽ രണ്ടോ മൂന്നോ മാസംകൊണ്ട് മൂന്നുനാലുകോടി രൂപയുടെ ചെലവിൽ ഇതിന് പരിഹാരം കാണാം. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ വൈക്കത്തിനടുത്ത് വടയാറിൽ 50 എച്ച്പി.യുടെ 10 പമ്പുകൾ സ്ഥാപിച്ച് അവിടെനിന്നും മൂവാറ്റുപുഴയാറിലെ വെള്ളം പമ്പുചെയ്ത് വെച്ചൂരിൽ എത്തിച്ച് വേമ്പനാട്ടുകായലിലേക്ക് ഒഴുക്കണം. ഈ ചെറിയ നടപടിയിലൂടെതന്നെ വേമ്പനാട്ടുകായലിലെ ജലനിരപ്പ് ഉയരും. പിന്നെ ബണ്ടിന്റെ ഷട്ടറുകൾ ഉയർത്താം. അപ്പോൾ ഒഴുക്കുണ്ടാവുകയും തോടുകളിലും

LIBRARY ARCHIVES Kerala Legislative Assembly

ജലാശയങ്ങളിലും അടിഞ്ഞുകൂടിയ മാലിന്യങ്ങൾ കടലിലേക്ക് ഒഴുകിപ്പോവുകയും ചെയ്യും. ദീർഘകാലാടിസ്ഥാനത്തിൽ വടയാറിലും തലയോലപ്പറമ്പിലും കനാലുകൾക്ക് വീതികൂട്ടി മൂവാറ്റുപുഴയാറിൽനിന്നും വെള്ളം വെച്ചൂരിൽ എത്തിച്ച് കായലിലേയ്ക്ക് ഒഴുക്കാം. ഇതോടൊപ്പംതന്നെ വളരെ കാലങ്ങൾക്ക് മുമ്പ് വിഭാവനം ചെയ്ത് തുടങ്ങിവയ്ക്കുകയും ഇപ്പോൾ നിറുത്തിവയ്ക്കുകയും ചെയ്ത മീനച്ചിൽ നദീതടപദ്ധതി പൂർത്തിയാക്കി മീനച്ചലാറ്റിലൂടെ ജനുവരി മാസം മുതൽ തുടർച്ചയായി വെള്ളം ഒഴുകി വേമ്പനാട്ടുകായലിൽ എത്തുന്നതിനും നടപടി സ്വീകരിക്കണം. മീനച്ചലാറിന്റെ ഉത്ഭവസ്ഥാനത്തേയ്ക്ക് മൂവാറ്റുപുഴയാറിൽ നിന്നും ഒരു തുരങ്കംവഴി വെള്ളം എത്തിക്കുന്നതും പരിഗണിച്ചിരുന്നതാണ്. മേൽപറഞ്ഞ പദ്ധതികൾ നടപ്പാക്കി കുട്ടനാട്ടിൽ ഇന്ന് അനുഭവപ്പെടുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുവാൻ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ജലസേചനവകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, ബഹുമാനപ്പെട്ട മെമ്പർ ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെ അതിശക്തമായ ഒട്ടേറെ കാര്യങ്ങളാണ് ഇവിടെ വിശദീകരിച്ചത്. സത്യവുമായി ബന്ധമില്ലാത്ത ഒട്ടേറെ കാര്യങ്ങൾ. അദ്ദേഹം കാടടച്ച് വെടിവയ്ക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞുപറഞ്ഞ് നിർത്തിവെയ്ക്കാൻ തീരുമാനിച്ച മീനച്ചൽ പദ്ധതി ഉൾപ്പെടെ നിർത്താൻ വേണ്ടി... അതാണ് ഞാൻ പറഞ്ഞത്, കാടടച്ച് വെടിവയ്ക്കുകയായിരുന്നു. അദ്ദേഹത്തിന്റെ വിശദീകരണത്തിൽ എന്തെല്ലാം കാര്യങ്ങൾ പറഞ്ഞു. ഇതെല്ലാം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ, കൃഷിവകുപ്പുമന്ത്രിയും ജലസേചന വകുപ്പുമന്ത്രിയും ശ്രദ്ധിക്കാത്തതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ കൊച്ചിയിൽപ്പോയി മുങ്ങൽവിദഗ്ദ്ധരെ കൊണ്ടുവന്ന് ഉടനെ ചെയ്തു എന്നുള്ള ബഹുമാനപ്പെട്ട മെമ്പറുടെ വിശദീകരണം തെറ്റായ വിശദീകരണമല്ലേ ? 'ഞാനും മുതലയച്ഛനുമാണ് ഇതെല്ലാം പിടിച്ചത്' എന്ന് ഉത്തരവാദിത്വമുള്ള നിയമസഭയിൽവന്ന് ഇങ്ങനെ വിശദീകരിക്കുന്നത് ശരിയാണോ ? ശരിയല്ല. കുട്ടനാട്ടിൽ ഉപ്പുവെള്ളം കയറി കൃഷി നശിപ്പിക്കുന്നത് തടയുവാൻവേണ്ടിയാണ് തണ്ണീർമുക്കത്ത് 62 ഷട്ടറുകളോടുകൂടിയ ബണ്ടുകൾ നിർമ്മിച്ചിട്ടുള്ളത്. ആ ഷട്ടറുകൾ വർഷംതോറും ഡിസംബർ മുതൽ ഏപ്രിൽ വരെയുള്ള അഞ്ചുമാസക്കാലം ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള കമ്മിറ്റികളുടെ നിർദ്ദേശപ്രകാരം താഴ്ത്തിവെയ്ക്കുക പതിവാണ്. അവിടെ കൃഷിക്കാരും മറ്റുള്ളവരും ചേർന്ന് കളക്ടർ ചെയർമാനായിട്ടുള്ള ഒരു കമ്മിറ്റിയുണ്ട്. ആ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമാണ് അതു താഴ്ത്തുന്നത്. കുട്ടനാട്ടിലെ 40,000-ൽ അധികം ഹെക്ടർ നെൽപ്പാടങ്ങളെയും കോട്ടയം, ആലപ്പുഴ ജില്ലകളിൽപ്പെട്ട വിവിധ കുടിവെള്ള പദ്ധതികളെയും ഓരുവെള്ള ഭീഷണിയിൽ നിന്ന് രക്ഷിക്കുന്നത് ആ നടപടിയിലൂടെയാണ് തണ്ണീർമുക്കം ബണ്ടിലെ ഷട്ടറുകൾ തുറക്കുന്ന ദിവസവും അടയ്ക്കുന്ന ദിവസവും അതിനുള്ള കാലാവധി നിശ്ചയിക്കുന്നത് ആലപ്പുഴ ജില്ലാ കളക്ടർ കൺവീനറായ പ്രാദേശിക എം.എൽ.എ.മാർ, ജലസേചനവകുപ്പ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാർ അടങ്ങുന്ന ഒരു കമ്മിറ്റിയാണ്. കഴിഞ്ഞ കാലങ്ങളിലും ഷട്ടറുകളുടെ പ്രവർത്തനം

LIBRARY ARCHIVES Kerala Legislative Assembly

നിയന്ത്രിച്ചുവരുന്നത് ഈ കമ്മിറ്റിതന്നെയാണ്. ഷട്ടറുകൾ ഉയർത്തുന്നതും താഴ്ത്തുന്നതും പ്രസ്തുത കമ്മിറ്റിയുടെ നിയന്ത്രണത്തിനു വിധേയമായി ജലസേചന വകുപ്പാണ്. അതിൽ അപാകതകൾ ഉണ്ടായിട്ടുള്ളതായി ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പിന്നെ അദ്ദേഹം പറഞ്ഞത്. ഷട്ടർ തുറന്നുവെയ്ക്കുന്ന സമയത്ത് ചില മീൻപിടുത്തക്കാർ അവിടെ വരും. അത് സാമൂഹ്യവിരുദ്ധരായിട്ടാണ് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടത്. പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ ചിലപ്പോൾ അതൊക്കെ ചെയ്യും. പക്ഷേ, ഉപ്പുവെള്ളം കയറാതെ കമ്മിറ്റിയുടെ നിയന്ത്രണത്തിന് വിധേയമായിട്ടാണ് അതൊക്കെ ചെയ്യുന്നത്. വടക്കേ കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ ഓരുവെള്ളം കയറുന്നത് തടയുവാൻ കോട്ടയം ജില്ലയിലെ കരിയാർ ഭാഗത്തും വടയാർ ഭാഗത്തും താല്ക്കാലികമായി ഓരുമുട്ടുകൾ എല്ലാവർഷവും ജലസേചനവകുപ്പു നിർമ്മിക്കാറുണ്ട്. ഇതിനു ശാശ്വതമായ പരിഹാരം എന്ന നിലയിൽ കരിയാറിൽ ഒരു സ്ഥിരം ബണ്ട് നിർമ്മിക്കുന്നതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടതിനാൽ അതിനുവേണ്ടി ഒരു പ്രാഥമിക റിപ്പോർട്ട് കോട്ടയം മൈനർ ഇറിഗേഷൻ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി അതിന്റെ നടപടികൾ സ്വീകരിച്ചുവരുന്നു. ബണ്ടിലെ ഷട്ടറുകൾ താഴ്ത്തുമ്പോൾ കുട്ടനാടിന്റെ തോടുകളിലും ജലാശയങ്ങളിലും പായലും പോളയും മനുഷ്യ വിസർജ്യങ്ങളും കീടനാശിനി കലർന്ന ജലവും ചേർന്നുണ്ടാകുന്ന രൂക്ഷമായ മലിനീകരണപ്രശ്നവും ശുദ്ധജലക്ഷാമവും പരിഹരിക്കുന്നതിന് മൂവാറ്റുപുഴ നദിയിൽ നിന്ന് വരൾച്ച സമയത്ത് തുടർച്ചയായി വെള്ളം കുട്ടനാട്ടിൽ എത്തിച്ച് ഓരു നിയന്ത്രിക്കുന്നതിനുള്ള പദ്ധതിയെപ്പറ്റി പഠിച്ചുകൊണ്ടിരിക്കുകയാണ്. വിശദമായ അന്വേഷണത്തിനും പഠനത്തിനും ശേഷം ഈ കാര്യത്തിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണ്.

ശ്രീ. തോമസ് ചാഴികാടൻ : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ താഴ്ത്തുന്നതും ഉയർത്തുന്നതും സംബന്ധിച്ച് കമ്മിറ്റി ഉണ്ടെന്ന്. ബഹുമാനപ്പെട്ട മന്ത്രി തെറ്റിദ്ധരിച്ചുപോയി എന്ന് എനിക്ക് തോന്നുന്നു. ഞാൻ അദ്ദേഹത്തേയോ അദ്ദേഹത്തിന്റെ വകുപ്പിനെയോ കുറ്റപ്പെടുത്താനല്ല പറഞ്ഞത്. 1995 നവംബർ, ഡിസംബർ മാസങ്ങളിൽ ഓരുവെള്ളം കയറി പതിനായിരം ഹെക്ടർ സ്ഥലത്തെ കൃഷി നശിക്കുകയും 6,500 ടൺ നെല്ല് നശിക്കുകയും ചെയ്തതായി കൃഷി വകുപ്പിന് കണക്കുണ്ട്. ഓരുവെള്ളം കയറുമ്പോൾ നെല്ല് നശിക്കുന്നത് മുഴുവനും കുട്ടനാട് ജില്ലയിലെ കൃഷിക്കാരുടെ പാടശേഖരങ്ങളിലേതാണ്. ആലപ്പുഴ ജില്ലാ കളക്ടറും ആലപ്പുഴ ജില്ലയിലെ എം.എൽ.എ.മാരും മാത്രം ഉൾക്കൊള്ളുന്ന ഇപ്പോഴുള്ള കമ്മിറ്റിയാണ് ബണ്ടിന്റെ ഷട്ടറുകൾ ഉയർത്തുകയും താഴ്ത്തുകയും ചെയ്യുന്നതു സംബന്ധിച്ച് തീരുമാനം എടുക്കേണ്ടത്. ഞങ്ങളുടെ ആവശ്യം, ഈ പ്രശ്നം ഉണ്ടാകുമ്പോൾ നെല്ല് നശിക്കുന്നത് മുഴുവൻ കോട്ടയം ജില്ലയിലെ കൃഷിക്കാരുടേതായതുകൊണ്ട് കോട്ടയം ജില്ലാ കളക്ടറും വൈക്കം കരിനില ഏജൻസിയിലെ മൂന്ന് എം.എൽ.എമാർ (വൈക്കം എം.എൽ.എ., കടുത്തുരുത്തി എം.എൽ.എ., ഏറ്റുമാനൂർ എം.എൽ.എ.) ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റികൂടി ഈ തീരുമാനം എടുക്കുന്നകാര്യം പരിഗണിക്കണം. അതിന് നിർദ്ദേശം കൊടുക്കുമോ എന്നതാണ് പ്രധാനം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ഇത്തവണ ഈ പ്രശ്നം ഉണ്ടായപ്പോൾ ബഹുമാനപ്പെട്ട മെമ്പർ ടെലിഫോണിൽ വിളിച്ച് വിവരങ്ങൾ പറഞ്ഞു. അന്നുതന്നെ ഇറിഗേഷൻ ഉദ്യോഗസ്ഥരെയും ജില്ലാ കളക്ടറെയും പ്രത്യേകം വിളിച്ച് പരിഹരിക്കുന്നതിനുവേണ്ടി ഏർപ്പാട് ചെയ്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഉൾപ്പെടുന്ന കമ്മിറ്റി ആയിരുന്നു കാലാകാലങ്ങളിൽ ഇത് ചെയ്തിരുന്നത്. ഞാൻ അന്വേഷിച്ചപ്പോൾ ഇന്നുവരെ ബഹുമാനപ്പെട്ട മെമ്പർ ആ കമ്മിറ്റിയിൽ പങ്കെടുത്തിട്ടില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

(2) സംസ്ഥാനത്തെ മത്സ്യബന്ധന മേഖല നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. പി. വിശ്വൻ : സർ, മത്സ്യബന്ധന മേഖല നേരിടുന്ന ഗുരുതരമായ ഒന്നുരണ്ടു പ്രശ്നങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. സമുദ്ര മത്സ്യമേഖല ഒരു വിഭവശോഷണ പ്രതിസന്ധിയെ നേരിട്ട് കൊണ്ടിരിക്കുകയാണ്. വിഭവ സ്രോതസ്സിന്റെ തോതും മത്സ്യലഭ്യതയുടെ പരിമിതികളും പരിഗണിക്കാതെയുള്ള മത്സ്യബന്ധനം അപകടത്തിലേക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. അതോടൊപ്പംതന്നെ കേന്ദ്രസർക്കാരിന്റെ നടപടികൾ ഈ മേഖലയെ മുച്ചൂടും മുടിക്കാൻ ഉതകുന്നതായി മാറിക്കൊണ്ടിരിക്കുന്നു. കേരളത്തിൽ 590 കിലോമീറ്റർ നീളത്തിൽ കടലോരമുണ്ട്. മാത്രമല്ല, രാജ്യത്തെ മൊത്തം മത്സ്യഉല്പാദനത്തിന്റെ 20 ശതമാനം കേരളത്തിലാണ് ഉല്പാദിപ്പിക്കുന്നത്. 1997-98-ൽ 4,697 കോടി രൂപയുടെ മത്സ്യം ഇൻഡ്യയിൽനിന്നും കയറ്റുമതി ചെയ്തപ്പോൾ അതിൽ 948 കോടി രൂപയുടേത് കേരളത്തിന്റേതാണ്. അതേ വർഷംതന്നെ ഇൻഡ്യയിൽ 3,85,818 ടൺ മത്സ്യം ഉല്പാദിപ്പിച്ചപ്പോൾ അതിൽ കേരളത്തിന്റെ വിഹിതം 89,366 ടൺ ആണ്. 90,000 ടണ്ണിനടുത്തുവരും. സർ, ഈ മേഖല വിപുലമാണ്. ആകെ 9,64,000 മത്സ്യത്തൊഴിലാളികൾ ഈ രംഗത്ത് കേരളത്തിലുണ്ട്. ഈ മേഖല ഗുരുതരമായ പ്രതിസന്ധിയെ നേരിട്ട് കൊണ്ടിരിക്കുകയാണ്. കേന്ദ്രസർക്കാരിന്റെ വിവേചനം തുടർന്നുക്കൊണ്ടിരിക്കുന്നു. ഇന്ന് മത്സ്യമേഖലയ്ക്ക് ഒരു വകുപ്പുപോലുമില്ലെന്ന കാര്യം നമുക്കറിയാം. നിലവിലുള്ള ക്ഷീരവികസനവകുപ്പിന്റെ ഒരു ഉപവകുപ്പാണ് ഇപ്പോൾ മത്സ്യമേഖല കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. ഈ രംഗത്ത് വ്യവസായത്തെ വിപുലപ്പെടുത്താനാണ് കേന്ദ്രസർക്കാർ ശ്രമിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട മറ്റു വിപുലത അവരെ സംബന്ധിച്ച് ഒരു പ്രശ്നമേയല്ല. 1991-ൽ പുത്തൻ സാമ്പത്തികനയം ആവിഷ്കരിച്ചപ്പോൾ വിദേശട്രോളിംഗ് ലൈസൻസ് കൊടുക്കാൻ തീരുമാനമെടുത്തു. ഇന്ന് 245 ലൈസൻസ് ആ രംഗത്തുണ്ട്. 1994 ഡിസംബർ 14-ാം തീയതി പാർലെന്റിൽ വലിയൊരു പ്രക്ഷോഭം തന്നെ നടന്നു. അതിന്റെ ഭാഗമായി അന്നു മന്ത്രി പറഞ്ഞത്, അന്ന് കോൺഗ്രസ്(ഐ) ആണ് ഇൻഡ്യ ഭരിക്കുന്നത്. ഇനി ഞങ്ങൾ ലൈസൻസ് കൊടുക്കുകയില്ല എന്നാണ്. അതിനുശേഷം 131 ലൈസൻസുകൾ വീണ്ടും കൊടുക്കാൻ തയ്യാറായി. സ്ക്കാൻഡിനേവിയ, തായ്ലാൻഡ് മുതലായ രാജ്യങ്ങളിലെ "ഷിപ്പ് ഫാക്ടറികൾ" അങ്ങനെ പറയുന്നതാണ് നല്ലത്. പീലിംഗ് വരെ ആ ഷിപ്പ് ഫാക്ടറികളിൽ നടക്കും. പീലിംഗ് സെന്ററുകൾ അടച്ചുപൂട്ടേണ്ടതായിട്ടു വരും. അത്ര വിപുലമായ തോതിലുള്ള യന്ത്രവൽകൃത ഫാക്ടറികൾ എന്നു പറയത്തക്കരൂപത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly